പഠനം മുടങ്ങാതിരിക്കാൻ അദ്ധ്യാപകരെ നിയമിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രണ്ട് ഗവണ്മെന്റ് ടി.ടി.ഐ.-കളാണ് നിലവിലുള്ളത്. ഇവിടെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഹൈസ്കൂൾ വിഭാഗത്തിൽ അദ്ധ്യാപകരും ദിവസ വേതനാടിസ്ഥാനത്തിൽ പി.ടി.എ. നിയമിച്ചിരിക്കുന്ന അദ്ധ്യാപകരുമാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. കുമളി ഗവണ്മെന്റ് ടി.ടി.ഐ.-യിൽ തമിഴ് ടീച്ചർ എഡ്യൂക്കേറ്റർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(14) പോളിടെക്നിക്ക് അനുവദിക്കൽ

<u>ശ്രീ. ആർ. രാജേഷ്</u>: സർ, മാവേലിക്കരയിൽ ഒരു പോളിടെക്നിക്ക് ആരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കേരളത്തിൽതന്നെ ഏറ്റവും ഉയർന്ന റിസൾട്ടുള്ള വിദ്യാഭ്യാസ ജില്ലകളിലൊന്നാണ് മാവേലിക്കര. പ്ലസ് ടു അടക്കമുള്ള കോഴ്സുകളിൽ നല്ല മാർക്ക് വാങ്ങി പഠിച്ചുവരുന്ന കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിലോ സാങ്കേതിക വിദ്യാഭ്യാസമേഖലയിലോ പഠിക്കാനുള്ള ഒരു സ്ഥാപനം മാവേലിക്കരയിൽ ഇല്ല. ഗ്രാമീണ മേഖലയിൽപോലും നൂറ് ശതമാനം റിസൾട്ടും നല്ല വിദ്യാഭ്യാസ നിലവാരവുമുള്ള സ്കൂളുകളുള്ള മാവേലിക്കരയിൽ ഒരു പോളിടെക്നിക് അനുവദിക്കേണ്ടത് അനിവാര്യമാണ്. ആവശ്യമായ സ്ഥലം എത്രവേണമെങ്കിലും ഏറ്റെടുത്ത് നൽകാം. ആസ്തിവികസന ഫണ്ട് അടക്കം എത്ര തുകവേണമെങ്കിലും അതിനുവേണ്ടി വകയിരുത്താം. ഈ സാഹചര്യത്തിൽ മാവേലിക്കരയിൽ ഒരു പോളിടെക്നിക്ക് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സർ, മാവേലിക്കര മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ ചേർത്തല ഗവൺമെന്റ് പോളിടെക്നിക്ക്, ആലപ്പുഴ കാർമൽ പോളിടെക്നിക്ക്, കായംകുളം വനിതാ പോളിടെക്നിക്ക് എന്നീ മൂന്ന് പോളിടെക്നിക്കുകളിലായി വിവിധ ബ്രാഞ്ചുകളിൽ 540 സീറ്റുകൾ നിലവിലുണ്ട്. മാവേലിക്കരയ്ക്ക് സമീപമുള്ള പത്തനംതിട്ട ജില്ലയിലെ വെണ്ണിക്കുളം, അടൂർ, വെച്ചൂച്ചിറ എന്നീ ഗവൺമെന്റ് പോളിടെക്നിക്കുകളിലെയും പന്തളം എൻ.എസ്.എസ്. പോളിടെക്നിക്കിലെയും വിവിധ ബ്രാഞ്ചുകളിലായി 900 സീറ്റുകൾ നിലവിലുണ്ട്. സർക്കാർ മേഖലയിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പോളിടെക്നിക്ക് ആരംഭിക്കുന്നതിന് 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലും

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല, കോഴിക്കോട് ജില്ലയിലെ മുക്കം എന്നിവിടങ്ങളിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചിരുന്നു. 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ മാനന്തവാടി ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്കായി അപ്ഗ്രേഡ് ചെയ്യാൻ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ ഇവയൊന്നും തന്നെ ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. മാവേലിക്കര മണ്ഡലത്തിൽ പുതിയ പോളിടെക്നിക്ക് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിലും നിലവിലെ സാമ്പത്തിക പരിമിതിയുടെ പശ്ചാത്തലത്തിൽ സർക്കാർ മേഖലയിൽ കൂടുതൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല. എന്നാൽ സർക്കാരിന്റെ സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്.

(15) സ്കൂൾ ബസ്സുകളിൽ പെയിന്റ് മാറ്റൽ

ശ്രീ. രാജു എബ്രഹാം: സർ, സ്കൂൾ ബസ്സുകൾക്ക് നിലവിൽ മഞ്ഞ പെയിന്റാണ്. അത് മാറ്റി ഗോൾഡൻ മഞ്ഞ പെയിന്റടിക്കണമെന്ന തീരുമാനത്തെ തുടർന്ന് പല സ്കൂളുകളും അതിനുള്ള നടപടി ആരംഭിച്ചിരിക്കുകയാണ്.

മി. ചെയർമാൻ: മുൻപ് 1972 വരെ തിരുവനന്തപുരം സിറ്റി ബസ്സുകളുടെ നിറം പച്ച നിറമായിരുന്നു.

ശ്രീ. രാജു എബ്രഹാം: സർ, അങ്ങയോട് ഞാൻ യോജിക്കുന്നു. പക്ഷെ ഇത് ആൾ ഇന്ത്യ പാറ്റേൺ ആണ്. ഗവൺമെന്റ് സ്കൂളുകൾക്കും യു. പി. സ്കൂളുകൾക്കും ബസ്സിന്റെ കളർ മാറ്റാൻ കാശില്ല. ഒരു ബസിന്റെ കളർ മാറ്റാൻ ഇരുപതിനായിരം രൂപ വേണം. പഴയ ബസ്സിന്റെ കളർ വേണമെങ്കിൽ മാറ്റാം. എന്നാൽ പുതിയ ബസ് അഞ്ച് വർഷം കഴിഞ്ഞ് റീ-പെയിന്റ് ചെയ്താൽ മതി. ഓരോ സ്കൂളും ഇല്ലാത്ത പണം ഉണ്ടാക്കി പെയിന്റ് മാറ്റുകയാണ്. ഒരു വർഷത്തെ സമയം അങ്ങ് പറഞ്ഞു. എന്നാൽ ആൾ ഇന്ത്യ പാറ്റേൺ വരുമ്പോൾ നമ്മൾ ഇപ്പോൾ തന്നെ മഞ്ഞ നിറമാണ് ചെയ്തിരിക്കുന്നതെന്ന് അറിയിച്ചിരുന്നെങ്കിൽ സ്വാഭാവികമായി ഇളവ് കിട്ടുമായിരുന്നു. അതുണ്ടായില്ല. അതുകൊണ്ട് പെയിന്റ് മാറ്റുന്നതനുസരിച്ച് അഞ്ച് വർഷമെങ്കിൽ അഞ്ച് വർഷം എട്ട് വർഷമെങ്കിൽ എട്ട് വർഷം അതനുസരിച്ച് ഗോൾഡൻ മഞ്ഞ നിറത്തിലേക്ക് മാറ്റം കൊണ്ടു വന്നില്ലെങ്കിൽ പാവപ്പെട്ട സ്കൂളുകൾ ഗതികേടിലാകും. അക്കാര്യത്തിൽ അടിയന്തരമായ തീരുമാനം ഉണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly